(ബി) കണ്ടല്ലൂരിൽ അനുവദിച്ച സെക്ഷൻ ഓഫീസ് ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) കായംകുളം കേന്ദ്രമാക്കിയുള്ള ഇലക്ട്രിക്കൽ ഡിവിഷൻ സംബന്ധിച്ച പ്രഖ്യാപനം എപ്പോൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ-സി) സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയം നടപ്പിലാക്കി കഴിഞ്ഞിതിനുശേഷമേ പുതിയ ഓഫീസുകൾ തുടങ്ങുന്നതു സംബന്ധിച്ച തീരുമാനം വൈദ്യുതി ബോർഡ് കൈക്കൊള്ളുകയുള്ളു.

മീറ്റർ റീഡിംഗ്

70(283) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റർ റീഡിംഗ് നടത്തുന്നത് രണ്ടു മാസത്തിൽ ഒരിക്കൽ വീതമാണോ ; ഉപഭോഗം ഒന്നിച്ചു കണക്കാക്കിയാണോ ബിൽ നൽകുന്നത് ;

(ബി) ഇപ്രകാരം ബിൽ നൽകുമ്പോൾ ഉപഭോക്താവ് കൂടുതൽ തുക നൽകേണ്ടതായി വരുന്നുണ്ടോ ;

(സി) രണ്ട് മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് നടത്തി വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന വ്യവസ്ഥ പ്രകാരം 40, 100, 200, 400, 800 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താവ് എന്ത് തുക വീതം നൽകേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മാസത്തിലൊരിക്കൽ ബിൽ നൽകിയാൽ 20, 50, 100, 200, 400, യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താവ് എന്ത് തുക വീതം നൽകേണ്ടതാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിൽ മീറ്റർ റീഡിംഗ് എടുക്കുന്നത് രണ്ട് മാസത്തിൽ ഒരിക്കൽ വീതമാണ്. ഈ സമ്പ്രദായത്തിൽ രണ്ട് മാസത്തെ ഉപഭോഗം ഒന്നിച്ചു കണക്കാക്കി അതിൽ നിന്നും ഒരു മാസത്തെ ഉപഭോഗത്തിന് നൽകേണ്ടുന്ന നിരക്ക് കണക്കാക്കി അതിന്റെ ഇരട്ടി രണ്ടുമാസത്തെ ഉപഭോഗത്തിന് ബിൽ നൽകുകയാണ് ചെയ്യുന്നത്.

(ബി) ഇല്ല.

(സി) ദ്വൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം പ്രകാരമുള്ള ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഉൾപ്പെടെയുള്ള തുക താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോഗം (യൂണിറ്റ്)	തുക
40	30 രൂപ 80 പൈസ
100	85 രൂപ 80 "
200	215 രൂപ 60 "
400	609 രൂപ 40 "
800	1951 രൂപ 40 "

(ഡി) മാസത്തിലൊരിക്കൽ ബിൽ നൽകിയാൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഉൾപ്പെടെയുള്ള തുക താഴെ കൊടുക്കുന്നു.

ഒരു മാസത്തെ ഉപഭോഗം (യൂണിറ്റ്)	തുക
20	15 രൂപ 40 പൈസ
50	42 രൂപ 90 "
100	107 രൂപ 80 "
200	304 രൂപ 70 "
400	975 രൂപ 70 "

എൻ. റ്റി. പി. സി. ക്ക് നൽകാനുള്ള തുക

71(284) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വാങ്ങിയ വകയിൽ സംസ്ഥാന വൈദ്യുതി ബോർഡ് എൻ. റ്റി. പി. സി. ക്ക് എന്തു തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കായകുളം തെർമൽ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡ് എൻ. റ്റി. പി. സി. ക്ക് എന്തു തുക നൽകാനുണ്ട് ;

(സി) എൻ. റ്റി. പി. സി. യുടെ കണക്കനുസരിച്ച് വൈദ്യുതി ബോർഡ് എൻ. റ്റി. പി. സി. ക്ക് എന്തു തുക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കായകുളം തെർമൽ പ്ലാന്റ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി എൻ. റ്റി. പി. സി. വേണ്ടെന്ന് വച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly